പതിന്നാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം 5125 — 22/05/2017 ൽ മറുപടിയ്ക്ക്

## കോട്ടയം റീ സർവ്വെ അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൽദോ എബ്രഹാം | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) കോട്ടയം റീ സർവ്വെ അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ സ്ഥലപരിമിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) പ്രസ്തുത കെട്ടിടത്തിന് എത്ര വിസ്തീർണ്ണം ഉണ്ടെന്നും അതിൽ പ്രവർത്തിക്കുന്ന ഓഫീസുകൾക്ക് എത്ര വിസ്തീർണ്ണം ആവശ്യമുണ്ടെന്നും അറിയിക്കാമോ? | (ബി) പ്രസ്തുത കെട്ടിടത്തിന് 3736 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണം ഉണ്ട്. ഈ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന റീ സർവ്വെ അസിസ്റ്റന്റ് ഡയറക്ടർ ഓഫീസിന് 3160 സ്ക്വയർ ഫീറ്റും ടോറൻസ് ഓഫീസിന് 1500 സ്ക്വയർ ഫീറ്റും വിസ്തീർണ്ണം ആവശ്യമുണ്ട്. |
| (സി) പ്രസ്തുത കെട്ടിടത്തിൽ അധികനില കൂടി പണിയുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശവും നിലവിലെ സ്ഥിതിയും അറിയിക്കാമോ? | (സി) ഉണ്ട്. പ്രസ്തുത കെട്ടിടത്തിൽ അധികനില പണിയുന്നതിന് 49,40,965/- രൂപ പി.ഡബ്ല്യൂ.ഡി. ഹെഡിൽ 27/10/2016 ൽ ഡിപ്പോസിറ്റ് ചെയ്തിട്ടുമുണ്ട്. കെട്ടിടം പണി ആരംഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ